## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം;199 05.03.2012ൽ മറുപടിക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് കുമാരി ജാബിറയ്ക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ഇ.പി. ജയരാജൻ** | **ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി എത്ര തുകയാണ് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ; | എ) അപകടങ്ങൾ മൂലം മരണമടയുന്ന വരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 30,000/- രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. എന്നാൽ ചില പ്രത്യേക കേസുകളിൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ തുക അനുവദിക്കാറുണ്ട്. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം തുടങ്ങിയ ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കു ന്നവരുടെ കുടുംബത്തിന് കൂടുതൽ ധനസഹായം നൽകുന്നുണ്ട്. പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകാൻ വ്യവസ്ഥയില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് ഈ വിധത്തിൽ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) പതിമൂന്ന് പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) 30.11.2011ന് മാലൂർ-ശിവപുരം റോഡിൽ പാലുകാച്ചിപ്പാറ എന്ന സ്ഥലത്ത് സ്വകാര്യ ബസപകടത്തിൽ മരണപ്പെട്ട ശിവപുരം, വെള്ളിലോട് ശ്രീ. ഉമ്മറിന്റെ മകൾ ജാബിറ എന്ന സ്കൂൾ വിദ്യാർത്ഥിനിയുടെ കുടുംബ ത്തിന് ധനസഹായം നൽകണമെന്നാവശ്യ പ്പെട്ട് നിവേദനം ഗവൺമെന്റിന് ലഭിക്കുകയു ണ്ടായോ; | സി) ലഭിക്കുകയുണ്ടായി. |
| (ഡി) അപകടത്തിൽ മരണപ്പെട്ട ജാബിറ എന്ന സ്കൂൾ വിദ്യാർത്ഥിനിയുടെ കുടുംബത്തിന് ധനസഹായം നൽകുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ? | ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽനിന്ന് 27.12.2011ലെ ജി.ഒ. (ആർ.ടി) നം. 6311/2011/റവ. ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ അനുവദിച്ചി ട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

**കേരളസർക്കാർ**

**സംഗ്രഹം**

റവന്യു വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ.(ആർ.ടി)നമ്പർ: 6311/2011/റവ.** **തിരുവനന്തപുരം, തീയതി: 27.12.2011**

---

## ഉത്തരവ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 30.11.2011ന് മട്ടന്നൂർ-മാലൂർ റൂട്ടിലുണ്ടായ ബസപകടത്തിൽ മരണപ്പെട്ട സി.എച്ച്. ജ[illegible]റയുടെ പിതാവിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം)** **2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള **T.P. 80** അക്കൗണ്ടിൽ നിന്നും തുക് കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുന്ന മുറയ്ക്ക് അപേക്ഷകന് രണ്ടാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യേണ്ടതാണ്. അപേക്ഷകർക്ക് ഇതിനു മുമ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് തുക നൽകുന്നതിന് മുൻപ് ജില്ലാ കളക്ടർ പരിശോധിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**വി.ആർ രാജൻ,**
**അണ്ടർ സെക്രട്ടറി.**

ശ്രീ. ഉമ്മർ വി. സാൽസബീർ, വെള്ളിലോട്, ചാപ്പ, ശിവപുരം, കണ്ണൂർ
ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ.*